**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3828. 17.12.2015 ൽ മറുപടിയ്ക്ക്.**

**നിരീക്ഷണ ക്യാമറകൾ**

| ചോദ്യം<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>" എ.റ്റി.ജോർജ്<br>" ടി.എൻ. പ്രതാപൻ<br>" ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക് നിയമ ലംഘനങ്ങളിൽ നിന്നും പിഴ ഈടാക്കാൻ മോട്ടോർവാഹന വകുപ്പ് കർമ്മപദ്ധതിആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | ക്യാമറ നിരീക്ഷണ സംവിധാനം വഴി കണ്ടുപിടിക്കുന്ന ട്രാഫിക് സംബന്ധമായ നിയമ ലംഘനങ്ങൾക്ക് നൽകുന്ന നോട്ടീസുകൾക്ക് പിഴ ഈടാക്കുന്നത് കെൽട്രോൺ തയ്യാർ ചെയ്ത payment service module എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ മുഖേനയാണ്. ഈ സംവിധാനത്തിൽ പിഴ അടയ്ക്കുമ്പോൾ തന്നെ നോട്ടീസിനുമേൽ ഉള്ള നടപടികൾ അവസാനിപ്പിക്കപ്പെടുന്നു. പിഴ ഒടുക്കാത്ത നിയമ ലംഘകർക്ക് reminder അയക്കുന്നതിനും ഈ സംവിധാനത്തിൽ കൂടി കഴിയും. |

| | | | |
|---|---|---|---|
| | | | ഇതിന്റെ സഹായത്തോടെ ഗതാഗത നിയമലംഘകരിൽ നിന്നും പിഴ ഈടാക്കാൻ ഉള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ? | (സി) | ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് അപകടങ്ങൾക്ക് സാഹചര്യം സൃഷ്ടിക്കുന്ന മേഖലകൾ തിരിച്ചറിഞ്ഞ് അവിടെയൊക്കെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിയമലംഘകരെ കണ്ടെത്തി പിഴ ഈടാക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനു വേണ്ട കൺട്രോൾ റൂമുകൾ സ്ഥാപിക്കുകയും നിരീക്ഷണത്തിനായി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിലും ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.